'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ല - മംഗലപുരം ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജലജയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.297/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/02/2020**

---

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 19.09.2015-ലെ ഇ1 (എസ് സി 02/2015/എസ്.ആർ.റ്റി)43750/2014 നമ്പർ കത്ത്
2. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട്
3. സർക്കാരിന്റെ 05.01.2018-ലെ ഇപിബി2/18/2016/തസ്വഭവ നമ്പർ കുറ്റപത്രം
4. സർക്കാരിന്റെ 04.06.2018-ലെ ഇപിബി2/18/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീമതി. ജലജ സമർപ്പിച്ച 25.07.2018-ലെ പ്രതിവാദ പത്രിക
6. സ.ഉ.(സാധാ) നം.2793/2018/തസ്വഭവ തീയതി 01.11.2018
7. പഞ്ചായത്ത് ഡയറക്ടറുടെ 14.01.2019-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ ഡി3-9579/2016 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. ഐ. ഷെമീമിനെതിരായ പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ മംഗലപുരം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ വെയിലൂർ വില്ലേജ് സർവ്വേ നമ്പർ 238/2-ൽ പ്പെട്ട 12 / 0 0 ആർ സ്ഥലം നിലമായിരിക്കവെ ആയത് മറച്ചുവച്ച് ശ്രീ. ഇക്ബാൽ, മുല്ലശ്ശേരി ഹൗസ് എന്നയാൾ നൽകിയ അപേക്ഷയിൽ യാതൊരു അന്വേഷണവും നടത്താതെ മേൽ തോന്നക്കൽ വില്ലേജ് ഓഫീസിൽ നിന്നും ഒരു റിപ്പോർട്ടുവാങ്ങി അപേക്ഷയിലോ, റിപ്പോർട്ടിലോ പ്രതിപാദിക്കുന്ന വസ്തുതകൾ മറച്ചുവച്ച് 19.11.2014 തീയതി സെക്രട്ടറിയായ ശ്രീമതി. ഷമീം, ബി-37733/14-ാം നമ്പർ ഉത്തരവിറക്കുകയും തുടർന്ന് 19.11.2014 തീയതി ബി3-7733/14-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മണ്ണ് നീക്കം ചെയ്യാൻ അനുവദിച്ചിരിക്കുന്നതായി കണ്ടെത്തുകയും എന്നാൽ പഞ്ചായത്തിൽ അപ്രകാരം ഒരു തീരുമാനം ഉള്ളതായി രേഖകളിൽ കാണുന്നില്ല എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്കുത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഐ. ഷെമീമിനെതിരെ ലഘുശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് വിഭാഗം വിഷയം നേരിട്ട് അന്വേഷിക്കണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ടീം 29.06.2017-ൽ ഗ്രാമ പഞ്ചായത്ത് സന്ദർശിച്ച് അന്വേഷണം നടത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ശ്രീ. ഇക്ബാൽ, മുല്ലശ്ശേരി ഹൗസ് എന്നയാൾ തന്റെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ സർവ്വേ നം. 238/2-ൽപ്പെട്ട, നിലവിൽ കൃഷിയോഗ്യമല്ലാത്ത 1 2 ആർ. വസ്തു കൃഷിയോഗ്യമാക്കുന്നതിലേയ്ക്കായി തന്റെ തന്നെ ഉടമസ്ഥതയിലുള്ള കിംസ് നെഴ്സിംഗ് കോളേജ് പരിസരത്ത് കൂട്ടിയിട്ടിരിക്കുന്ന മണ്ണ് എടുത്ത് നിക്ഷേപിക്കുന്നതിന് പെർമിറ്റ് നൽകണമെന്ന് ആവശ്യപ്പെട്ട് 15.11.2015 എന്ന തീയതി രേഖപ്പെടുത്തി ഒരപേക്ഷ സമർപ്പിച്ചിരുന്നു. ഈ അപേക്ഷ അതേ ദിവസം തന്നെ റിപ്പോർട്ടിനായി മേൽ തോന്നയ്ക്കൽ വില്ലേജ് ഓഫീസർക്ക് ബി1/7733/14 നമ്പർ കത്ത് മുഖാന്തിരം അയയ്ക്കുകയും, എന്നാൽ കത്തിൽ റീ.സ. നം. 238/2-ൽ പ്പെട്ട 12 ആർ സ്ഥലത്ത് മണ്ണ് നിക്ഷേപിക്കുവാൻ എന്നതിനു പകരം അവിടെ നിന്നും മണ്ണ് നീക്കം ചെയ്യുവാൻ അനുമതി തേടിയിട്ടുണ്ടെന്നാണ് എഴുതിയിരിക്കുന്നത്. അപേക്ഷ പ്രകാരം വെയിലൂർ വില്ലേജിൽ ഉൾപ്പെട്ട സ്ഥലത്തിന്മേലുള്ള റിപ്പോർട്ട് തേടിയിരിക്കുന്നത് തോന്നയ്ക്കൽ വില്ലേജ് ഓഫീസറിൽ നിന്നാണ്. അതായത് അപേക്ഷയിന്മേൽ റിപ്പോർട്ട് തേടിയതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും ഗുരുതരമായ അശ്രദ്ധ സംഭവിച്ചു. ഈ തെറ്റ് ശ്രദ്ധിക്കാതെ മേൽ തോന്നയ്ക്കൽ വില്ലേജ് ഓഫീസർ ആ വില്ലേജിലെ 238/2 സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്തുനിന്നും 80 ഘന മീറ്റർ മണ്ണ് എടുത്തുമാറ്റുന്നത് കൊണ്ട് പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാകില്ല എന്നും ആയതിനാൽ അനുമതി നല്കാവുന്നതാണെന്നും കാണിച്ച് 18.11.2014 -ൽ പഞ്ചായത്തിന് റിപ്പോർട്ട് നല്കി. മേൽ തോന്നയ്ക്കൽ വില്ലേജിലെ 238/2-ൽപ്പെട്ട സ്ഥലം അപേക്ഷകന്റേയല്ല മറ്റാരുടേതൊ ആണ് എന്നതാണ് യാഥാർത്ഥ്യം. അപേക്ഷയോടൊപ്പം നല്കിയിരുന്ന കരം തീർത്ത രസീതിൽ വസ്തു വെയിലൂർ വില്ലേജിലേതാണെന്ന് പ്രഥമദൃഷ്ട്യാ വ്യക്തമാണെന്നിരിക്കെ മേൽ തോന്നയ്ക്കൽ വില്ലേജ് ഓഫീസർ യാതൊരു തരത്തിലുള്ള അന്വേഷണവും നടത്താതെയാണ് ഈ റിപ്പോർട്ട് നല്കിയിട്ടുള്ളത്. പഞ്ചായത്ത് തലത്തിൽ ആവശ്യമായ അന്വേഷണങ്ങൾ നടത്താതെ ഈ റിപ്പോർട്ടിന്റെ മാത്രം അടിസ്ഥാനത്തിൽ മംഗലപുരം ഗ്രാമ പഞ്ചായത്ത് 19.11.2014 -ൽ ബി3/7733/2014 എന്ന നമ്പരിൽ ഒരു ഉത്തരവിറക്കിയിട്ടുണ്ട്. ഈ ഉത്തരവിൽ "മംഗലപുരം ഗ്രാമ പഞ്ചായത്തിൽ മേൽ തോന്നയ്ക്കൽ വില്ലേജിൽ ശ്രീ. എം. ഇക്ബാൽ, മുല്ലശ്ശേരി ഹൗസ് വെയിലൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള റീ.സർവ്വേ നം. 250/1-1-ൽ പ്പെട്ട 12 ആർ. വസ്തുവിൽ നിന്നും 8 0 ക്യൂബിക് മീറ്റർ മണ്ണ് ടിയാൾക്ക് കാർഷിക ആവശ്യത്തിനായി നീക്കം ചെയ്യുന്നതിനും ആയത് അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ 238/2 എന്ന സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്തു നിക്ഷേപിക്കുന്നതിനും 20.11.2014 മുതൽ 26.11.2014 വരെ ഉള്ള തീയതികളിൽ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 19.11.2014 തീയതിയിലെ 7733/14 -ാം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.11.2014 മുതൽ 26.11.2014 അകം ടി മണ്ണ് നീക്കം ചെയ്യുവാൻ അനുവദിച്ച് ഉത്തരവാകുന്നു" എന്നാണ് എഴുതിയിരിക്കുന്നത്. കൂടാതെ മണ്ണ് ഇടിച്ചുമാറ്റാൻ ഉപയോഗിക്കുന്ന ജെ.സി.ബി യുടേയും മണ്ണ് നീക്കം ചെയ്യാനുപയോഗിക്കുന്ന നാല് ലോറികളുടേയും രജിസ്ട്രേഷൻ നമ്പറുകളും ഉത്തരവിൽ ചേർത്തിട്ടുണ്ട്. ഈ ഉത്തരവിൽ പ്രഥമദൃഷ്ട്യാ തന്നെ ചില അപാകതകൾ ഉണ്ട്.

1. അപേക്ഷയിലോ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിലോ പരാമർശിക്കപ്പെടാത്ത 250/1-1 എന്ന സർവ്വേ നമ്പരിലുള്ള സ്ഥലത്തുനിന്നും മണ്ണ് എടുക്കാനാണ് അനുമതി നല്കിയിരിക്കുന്നത്. ഈ സർവ്വേ നമ്പർ എവിടെ നിന്നും ലഭിച്ചതാണെന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

2. വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകൾ ലഭിച്ചതും എവിടെ നിന്നാണെന്ന് അറിയില്ല.

കറിപ്പ് ഫയൽ നഷ്ടപ്പെട്ടതാണെന്നാണ് സെക്രട്ടറി വിജിലൻസ് അന്വേഷണ സംഘത്തോടും തുടർന്ന് അച്ചടക്ക നടപടികളുടെ ഭാഗമായി സർക്കാരിന് നല്കിയ വിശദീകരണങ്ങളിലും പറഞ്ഞിരുന്നത്. എന്നാൽ കറിപ്പ് ഫയൽ നഷ്ടപ്പെട്ടതല്ല എന്നും നശിപ്പിക്കപ്പെട്ടതാണെന്നുമാണ് പെർഫോമൻസ് ഓഡിറ്റ് ടീം മുമ്പാകെ നൽകിയ മൊഴിയിൽ വെളിപ്പെടുത്തിയതെന്നും മൊഴി പ്രകാരം പഞ്ചായത്ത് മെമ്പറായ ശ്രീ. ഹാഷിമിന്റെ സമ്മർദ്ദത്തിലാണ് അപേക്ഷയിന്മേൽ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചതെന്നും ബന്ധപ്പെട്ട ക്ലർക്കിന് പകരം പ്യാരിലാൽ എന്ന ഓഫീസ് അറ്റൻഡന്റ് ആണ് അപേക്ഷയിൽ പ്രാഥമികമായ ഓഫീസ് നടപടികൾ സ്വീകരിച്ചതെന്നും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തേടിയതിൽ സാരമായ തെറ്റ് പറ്റി എന്ന് സെക്രട്ടറി സമ്മതിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തെറ്റായ സർവ്വേ നമ്പരും മറ്റ് വിശദാംശങ്ങളും ഉൾപ്പെടുത്തി പുറപ്പെടുവിച്ച ഉത്തരവിലെ പാകപ്പിഴകൾ മനസ്സിലാക്കി ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ ഒരു രേഖ ചമച്ച് ഫയലിൽ ചേർക്കുകയും, ആദ്യം പുറപ്പെടുവിച്ച് ബന്ധപ്പെട്ടവർക്ക് അയച്ചുകൊടുത്ത രേഖ ഫയലിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും, ഫയലിൽ നിന്നും നീക്കി സ്വന്തം കൈവശം സൂക്ഷിച്ചിരുന്ന യഥാർത്ഥ ഉത്തരവ് സെക്രട്ടറി അന്വേഷണ സംഘം മുമ്പാകെ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പഞ്ചായത്തിന്റെ ഉത്തരവിനെതിരെ പരാതികളുണ്ടായപ്പോൾ ഉത്തരവിലൂടെ നല്കിയ അനുമതി റദ്ദ് ചെയ്തുകൊണ്ട് 24.11.2014-ൽ ഉത്തരവിറക്കി. തുടർന്ന് ഇതിനോടകം ഫയലിൽ ക്രമവിരുദ്ധമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുകൊണ്ടും അവയുടെ ഉത്തരവാദിത്തം തന്റെ മേൽ കൂടി വരുമെന്ന് ഭയന്ന് ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി. ജലജ കറിപ്പ ഫയൽ കീറി നശിപ്പിക്കുകയാണുണ്ടായത് എന്നും കണ്ടെത്തി.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ടീമിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ

അടിസ്ഥാനത്തിൽ ശ്രീമതി. ജലജയ്ക്ക് പരാമർശം ( 3 ) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകിയിരുന്നുവെങ്കിലും ശ്രീമതി. ജലജ 31.08.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3 (ബി) പ്രകാരം ശ്രീമതി. ജലജയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ജലജ, പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറിയായി സ്ഥാനക്കയറ്റം ലഭിച്ച എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിൽ തനിക്ക് നിയമനം ലഭിച്ചതിനാൽ 21.07.2015ന് മംഗലപുരം ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടിട്ടുള്ളതാണെന്നും, 29.06.2017-ൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ടീം മംഗലപുരം ഗ്രാമപഞ്ചായത്ത് സന്ദർശിച്ച് അന്വേഷണം നടത്തിയ കാലയളവിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിലാണ് താൻ സേവനമനുഷ്ഠിച്ചിരുന്നതെന്നും ഇത്തരത്തിൽ ഒരന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ സംബന്ധിച്ച് തനിക്ക് അറിയിപ്പൊന്നും ലഭിച്ചിരുന്നില്ലെന്നും ശ്രീ. ഇക്ബാൽ പെർമിറ്റ് നൽകുന്നതിന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്ന 15.11.2015 തീയതിയിലും മംഗലപുരം ഗ്രാമപഞ്ചായത്തിൽ താൻ സേവനമനുഷ്ഠിച്ചിരുന്നില്ലെന്നും വിജിലൻസ് അന്വേഷണ സംഘത്തോട് കുറിപ്പ് ഫയൽ നഷ്ടപ്പെട്ടതാണെന്നും പെർഫോമൻസ് ഓഡിറ്റ് ടീം മുൻപാകെ കുറിപ്പ് ഫയൽ നശിപ്പിക്കപ്പെട്ടതാണെന്നും പഞ്ചായത്ത് സെക്രട്ടറി മൊഴിയിൽ വെളിപ്പെടുത്തിയതെന്നുമുള്ള വിവരങ്ങളും തനിക്ക് അറിവില്ലാത്തതാണെന്നും കൂടാതെ മുൻപ് ഉത്തരവിലൂടെ നൽകിയ അനുമതി റദ്ദ് ചെയ്തുകൊണ്ട് 24.11.2014-ൽ ഉത്തരവിറക്കിയ വിവരവും താൻ അറിഞ്ഞിട്ടില്ലെന്നും ആയതിനാൽ ഫയലിൽ ക്രമവിരുദ്ധമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ ഉത്തരവാദിത്വം തന്റെ മേൽകൂടി വരുമെന്നുള്ള ഭയത്താൽ ജൂനിയർ സൂപ്രണ്ട് ആയിരുന്ന താൻ കുറിപ്പ് ഫയൽ കീറി നശിപ്പിച്ചുവെന്ന പരമാർശം അടിസ്ഥാനരഹിതമാണെന്നെന്നും ശ്രീമതി. ജലജ ബോധിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ശ്രീമതി. ജലജയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീമതി. ജലജക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം ( 6 ) പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥ പരാമർശം ( 7 ) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

ശ്രീ. ഇക്ബാൽ, മുല്ലശ്ശേരി ഹൗസ് എന്നവർ ടിയാന്റെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ സർവ്വേ നമ്പർ 238/2-ൽപെട്ട നിലവിൽ കൃഷിയോഗ്യമല്ലാത്ത 1 2 ആർ വസ്തു കൃഷിയോഗ്യമാക്കുന്നതിലേക്കായി ടിയാന്റെ തന്നെ ഉടമസ്ഥതയിലുള്ള കിംസ് നഴ്സിംഗ് കോളേജ് പരിസരത്തു കൂട്ടിയിട്ടിരിക്കുന്ന മണ്ണ് എടുത്തു നിക്ഷേപിക്കുന്നതിന് പെർമിറ്റ് നൽകണമെന്നാവശ്യപെട്ട് 15.11.2014 ന് 15.11.2015 എന്ന് രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിച്ചിരുന്നു . ടി അപേക്ഷ 15.11.2014 ന് തന്നെ സെക്രട്ടറി റിപ്പോർട്ടിനായി മേൽ തോന്നയ്ക്കൽ വില്ലജ് ഓഫീസർക്ക് ബി 3/7733/14 നമ്പർ കത്ത് മുഖേന അയച്ചിട്ടുണ്ട് . മേൽ കത്തിൽ റീസർവ്വേ നം .238/2 - ൽ പ്പെട്ട 12 ആർ സ്ഥലത്തു മണ്ണ് നിക്ഷേപിക്കുവാൻ എന്നതിന് പകരം അവിടെനിന്നും മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകണമെന്നാണ് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുള്ളത് . അപേക്ഷ പ്രകാരമുള്ള സർവ്വേ നമ്പറിൽപെട്ട സ്ഥലം വെയിലൂർ വില്ലേജിലാണ് . എന്നാൽ സെക്രട്ടറി അനുമതി തേടിയിരിക്കുന്നത് മേൽ തോന്നയ്ക്കൽ വില്ലജ് ഓഫീസിൽ നിന്നാണ് . സെക്രട്ടറിയുടെ കത്ത് സ്വീകരിച്ച മേൽ തോന്നക്കൽ വില്ലേജ് ഓഫീസർ തോന്നയ്ക്കൽ വില്ലേജിലെ 238/2 സർവ്വേ നമ്പറിൽപെട്ട സ്ഥലത്തു നിന്നും 8 0 ഘന മീറ്റർ മണ്ണ് എടുത്തുമാറ്റുന്നതുകൊണ്ട് പരിസ്ഥിതി പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുന്നില്ലെന്നും അനുമതി നൽകാവുന്നതാണെന്നും കാണിച്ച് സെക്രട്ടറിക്ക് മറുപടി നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസർ അനുമതി നൽകിയ തോന്നയ്ക്കൽ വില്ലേജിലെ 238/2-ൽ പെട്ട സ്ഥലം അപേക്ഷകനായ ശ്രീ. ഇക്ബാലിന്റെ ഉടമസ്ഥതയിലുള്ളതല്ല . അപേക്ഷയോടൊപ്പം ശ്രീ. ഇക്ബാൽ നൽകിയ കരം തീർത്ത രസീതിൽ വസ്തു വെയിലൂർ വില്ലേജിൽ ഉൾപെട്ടതാണെന്നു വ്യക്തമായിരിക്കെ മേൽതോന്നക്കൽ വില്ലജ് ഓഫീസർ യാതൊരു അന്വേഷണവും നടത്താതെയാണ് റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളത്. മേൽതോന്നക്കൽ വില്ലജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 19.11.2014 ലെ ബി 3/7733/2014 നമ്പറായി മംഗലപുരം ഗ്രാമപഞ്ചായത്തിൽ മേൽ തോന്നക്കൽ വില്ലേജിൽ ശ്രീ. എം. ഇക്ബാൽ മുല്ലശ്ശേരി ഹൗസ് വെയിലൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള റീസർവ്വേ നം.250/1-1 ൽ പ്പെട്ട 12 ആർ വസ്തുവിൽ നിന്നും 8 0 ക്യുബിക് മീറ്റർ മണ്ണ് ടിയാന്റെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ 238/2 എന്ന സർവ്വേ നമ്പറിൽപെട്ട സ്ഥലത്തു

നിക്ഷേപിക്കുന്നതിനും ഈ പ്രവർത്തി 20.11.2014 മുതൽ 26.11.2014 വരെ ഉള്ള തീയതികളിൽ നടത്തുന്നതിനും അനുമതി നൽകുന്ന എന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിൽ മണ്ണ് നീക്കം ചെയ്യുന്നതിന് ഉപയോഗിക്കുന്ന ജെ.സി.ബി-യുടെയും ലോറികളുടെയും രജിസ്ട്രേഷൻ നമ്പറുകൾ ചേർക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇക്ബാൽ മുല്ലശ്ശേരി എന്നയാൾ ടിയാന്റെ ഉടമസ്ഥതയിലുള്ള വെയിലൂർ വില്ലേജിലെ സർവ്വേ നമ്പർ 238/2-ൽപ്പെട്ട വസ്തുവിൽ മണ്ണ് നിറയ്ക്കുന്നതിനായി മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 15.11.2014-ന് സമർപ്പിച്ച അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച ക്രമവിരുദ്ധ നടപടികൾക്കെതിരെയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് വിധേയമായപ്പോൾ വിജിലൻസ് അന്വേഷണ സംഘത്തോടും, വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോയുടെ ശുപാർശ പ്രകാരം പഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഷെമീമിനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ച് ടിയാൾക്ക് നൽകിയ കുറ്റപത്രത്തിന് സെക്രട്ടറിയായ ശ്രീ. ഷെമീം സർക്കാരിന് മറുപടി സമർപ്പിച്ചപ്പോഴും വിഷയവുമായി ബന്ധപ്പെട്ട മംഗലപുരം ഗ്രാമപഞ്ചായത്തിലെ ബി 3/7733/14 നമ്പർ ഫയലിന്റെ കുറിപ്പ് ഭാഗം നഷ്ടപ്പെട്ടു പോയി എന്നാണ് ബോധിപ്പിച്ചിരിക്കുന്നത്. എന്നാൽ വിഷയത്തിന്മേൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം മംഗലാപുരം ഗ്രാമപഞ്ചായത്തിൽ വിശദാന്വേഷണം നടത്തിയ സമയത്ത് ടി അന്വേഷണ സംഘത്തോട് ആരോപണവിധേയായ സെക്രട്ടറി ശ്രീമതി . ഷെമീം നൽകിയിട്ടുള്ള മൊഴി ടി ഫയലിന്റെ കുറിപ്പ് ഭാഗം മുൻ ജൂനിയർ സൂപ്രണ്ട് ജലജ നശിപ്പിച്ചു എന്നാണ്. സെക്രട്ടറിയായ ശ്രീമതി. ഷെമീമിന്റെ ടി വാദം, കാരണം കാണിക്കൽ നോട്ടീസിന് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജലജ സർക്കാരിന് നൽകിയ മറുപടിയിൽ നിഷേധിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണ വേളയിൽ ഉന്നയിക്കാത്ത മേൽകാര്യം തനിക്കെതിരെയുള്ള സർക്കാർതല നടപടി ദൃഢമാകുന്നു എന്നുകണ്ട സമയത്താണ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തോട് ജൂനിയർ സൂപ്രണ്ടിനെതിരെയുള്ള ടി ആരോപണം ശ്രീമതി. ഷെമീം ഉന്നയിച്ചു കാണുന്നത്. 25.02.2015 ന് വിജിലൻസ് അന്വേഷണം നടന്ന സമയത്ത് ഉന്നയിക്കാത്ത ടി വിവരം 29.06.2017 ന് നടന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധനയിൽ സെക്രട്ടറി ഉന്നയിച്ചത് സംശയാസ്പദമാണ്. മാത്രവുമല്ല, ജൂനിയർ സൂപ്രണ്ട് ഇത്തരത്തിൽ ഫയൽ കീറി നശിപ്പിച്ചാൽ സെക്രട്ടറി ടി വിവരം ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് മുഖേന അറിയിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇത്തരത്തിലുള്ള ഒരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രവുമല്ല ജൂനിയർ സൂപ്രണ്ട് ഫയൽ കീറി നശിപ്പിച്ചതിന് തെളിവുകളോ സാക്ഷിമൊഴികളോ ലഭ്യമല്ല. മേൽസാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ജലജ സമർപ്പിച്ചിട്ടുള്ള മറുപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. ഷെമീമിന് സർക്കാർ 05.01.2018-ലെ ഇപിബി 2/18/2016/ ത.സ്വ.ഭ.വ നമ്പറായി നൽകിയ കുറ്റപത്രത്തിലെ ആരോപണങ്ങൾ പൂർണമായി നിലനിൽക്കുന്നതാണ്. ശ്രീമതി. ഐ. ഷെമീം ഔപചാരികാന്വേഷണ വേളയിൽ നൽകിയ (മൊഴി) അംഗീകരിക്കാൻ കഴിയില്ലെന്നു ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ട് മേൽ കാരണങ്ങളാൽ മംഗലപുരം ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജലജക്കെതിരെ സർക്കാർ 04.06.2018 ലെ ഇപിബി 2/18/2016/തസ്വഭവ നമ്പറായി നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ ആരോപണങ്ങൾ തെളിവുകളുടെ അഭാവത്തിൽ നിലനിൽക്കുന്നതാണെന്ന് കാണുന്നില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ടിയാളുകളെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ശ്രീമതി. ജലജ പ്രതിവാദ പത്രികയിലെ വാദങ്ങൾ ആവർത്തിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, വിജിലൻസ് അന്വേഷണ സംഘത്തോടും, വിജിലൻ സ് & ആന്റി കറപ് ഷൻ ബ്യൂറോയുടെ ശുപാർശ പ്രകാരം സെക്രട്ടറി ശ്രീമതി. ഷെമീമിനെതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിച്ച് ടിയാൾക്ക് നൽകിയ കുറ്റപത്രത്തിന് സെക്രട്ടറിയായ ശ്രീമതി. ഷെമീം സർക്കാരിന് മറുപടി സമർപ്പിച്ചപ്പോഴും വിഷയവുമായി ബന്ധപ്പെട്ട മംഗലപുരം ഗ്രാമപഞ്ചായത്തിലെ ബി 3/7733/14 നമ്പർ ഫയലിന്റെ കുറിപ്പ് ഭാഗം നഷ്ടപ്പെട്ടു പോയി എന്നാണ് ബോധിപ്പിച്ചിരിക്കുന്നത്. എന്നാൽ വിഷയത്തിന്മേൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം മംഗലാപുരം ഗ്രാമപഞ്ചായത്തിൽ വിശദാന്വേഷണം നടത്തിയ സമയത്ത് ടി അന്വേഷണ സംഘത്തോട് ആരോപണവിധേയായ സെക്രട്ടറി ശ്രീമതി. ഷെമീം നൽകിയിട്ടുള്ള മൊഴി ടി ഫയലിന്റെ കുറിപ്പ് ഭാഗം മുൻ ജൂനിയർ സൂപ്രണ്ട് ജലജ നശിപ്പിച്ചു എന്നാണ്. ടി വാദം കാരണം കാണിക്കൽ നോട്ടീസിന് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജലജ സർക്കാരിന് നൽകിയ മറുപടിയിൽ നിഷേധിച്ചിട്ടുണ്ട്. വിജിലൻസ് അന്വേഷണ വേളയിൽ ഉന്നയിക്കാത്ത മേൽകാര്യം തനിക്കെതിരെയുള്ള സർക്കാർതല നടപടി ദൃഢമാകുന്നു എന്ന് കണ്ട സമയത്താണ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തോട് ജൂനിയർ സൂപ്രണ്ടിനെതിരെയുള്ള ടി ആരോപണം ശ്രീമതി. ഷെമീം ഉന്നയിച്ചു കാണുന്നത്. 25.02.2015 ന് വിജിലൻസ് അന്വേഷണം നടന്ന സമയത്ത് ഉന്നയിക്കാത്ത ടി വിവരം 29.06.2017-ന് നടന്ന സ്റ്റേറ്റ്

പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധനയിൽ സെക്രട്ടറി ഉന്നയിച്ചത് സംശയാസ്പദമാണ്. മാത്രവുമല്ല, ജൂനിയർ സൂപ്രണ്ട് ഇത്തരത്തിൽ ഫയൽ കീറി നശിപ്പിച്ചാൽ സെക്രട്ടറി ടി വിവരം ബന്ധപ്പെട്ട പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് മുഖേന അറിയിക്കുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയോ ചെയ്യേണ്ടതായിരുന്നു. ഇത്തരത്തിലുള്ള ഒരു നടപടിയും സെക്രട്ടറി സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. മാത്രവുമല്ല ജൂനിയർ സൂപ്രണ്ട് ഫയൽ കീറി നശിപ്പിച്ചതിന് തെളിവുകളോ സാക്ഷിമൊഴികളോ ലഭ്യമല്ല. കൂടാതെ ശ്രീമതി. ഐ. ഷെമീം ഔപചാരികാന്വേഷണ വേളയിൽ നൽകിയ മൊഴി അംഗീകരിക്കാൻ കഴിയില്ലെന്നും മംഗലപുരം ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജലജക്കെതിരെ സർക്കാർ നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ ആരോപണങ്ങൾ തെളിവുകളുടെ അഭാവത്തിൽ നിലനിൽക്കുന്നതാണെന്ന് കാണുന്നില്ല എന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ അന്വേഷണ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മംഗലപുരം ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി. ജലജയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. ജലജ, മുൻ ജൂനിയർ സൂപ്രണ്ട്, മംഗലപുരം ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/18/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ